**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 661** **01.12.2015-ൽ മറുപടിയ്ക്ക്**

## ഹാംലറ്റ് പദ്ധതി

**ചോദ്യം**
**ശ്രീ.ഇ.പി.ജയരാജൻ**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ഹാംലറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ ചെക്യേരി എസ്.റ്റി കോളനിയിലെ ഏതെല്ലാം പ്രവർത്തികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, കമ്മ്യൂണിറ്റി ഹാളിൽ കമ്പ്യൂട്ടർ, ടി.വി വിതരണം, ചെക്യേരി-ഐരാണിക്കുണ്ട് റോഡ് ടാറിംഗ് (ആദ്യഭാഗം), ചെക്യേരി - കുട്ടിയടുപ്പ് റോഡ് ടാറിംഗ്, ചെക്യേരി- ഐരാണിക്കുണ്ട് റോഡ് ടാറിംഗ് (രണ്ടാം ഭാഗം), അമ്പലപ്പറമ്പ് റോഡ് ടാറിംഗ് (250m), ഓട്ടോറിക്ഷ വാങ്ങി നൽകൽ, ഓട്ടോ ഡ്രൈവിംഗ് പരിശീലനം, കമ്പ്യൂട്ടർ പരിശീലനം (4 മാസ സർട്ടിഫിക്കറ്റ് കോഴ്സ്), 12 പേർക്ക് തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, തെരുവ് വിളക്ക് സ്ഥാപിക്കൽ എന്നീ പ്രവൃത്തികളാണ് ചെക്യേരി പട്ടികവർഗ്ഗ കോളനിയിൽ നടപ്പാക്കി വരുന്നത്. |
| ബി) | ഓരോ പ്രവൃത്തികളും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ? | ബി) | നിർമ്മാണ പുരോഗതി വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പ്രവർത്തികൾ | നിർമ്മാണ പുരോഗതി |
|---|---|---|
| 1. | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | പ്രവർത്തി ലിന്റൽ ലെവൽ വരെ പൂർത്തിയായിട്ടുണ്ട്. |
| 2. | കമ്മ്യൂണിറ്റി ഹാളിൽ ഫർണിച്ചർ, കമ്പ്യൂട്ടർ, ടി.വി വിതരണം | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പൂർത്തിയായ ശേഷം ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. |
| 3. | ചെക്യേരി - കട്ടിയട്ടപ്പ് റോഡ് ടാറിംഗ് | കോളയാട് പഞ്ചായത്ത് ഈ പ്രവർത്തി ചെയ്തതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കി. |
| 4. | ചെക്യേരി-ഐരാണിക്കുണ്ട് റോഡ് ടാറിംഗ് (ആദ്യഭാഗം) | ടാറിംഗിന് വനംവകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| 5. | ചെക്യേരി- ഐരാണിക്കുണ്ട് റോഡ് ടാറിംഗ് (രണ്ടാം ഭാഗം) | ടാറിംഗിന് വനംവകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| 6. | അമ്പലപ്പറമ്പ് റോഡ് ടാറിംഗ് (250m) | ടാറിംഗിന് വനംവകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| 7. | ഓട്ടോറിക്ഷ വാങ്ങി നൽകലും, ഓട്ടോ ഡ്രൈവിംഗ് പരിശീലനവും | ഡ്രൈവിംഗ് പരിശീലനം പുരോഗമിക്കുന്നു. |
| 8. | കമ്പ്യൂട്ടർ പരിശീലനം (4 മാസം സർട്ടിഫിക്കറ്റ് കോഴ്സ്) | പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 9. | 12 പേർക്ക് തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം | |
| 10. | തെരുവ് വിളക്ക് സ്ഥാപിക്കൽ | |

Harish Surya (signature)

സെക്ഷൻ ഓഫീസർ